web.www.cooperation.kerala.gov.in.

E-mail:kerala rcs@Co-op.kerala.gov.in

ജി(1)32747/07

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി 26-6-2011.

## സർക്കുലർ നമ്പർ 46/11

വിഷയം:- സഹകരണ വകുപ്പ്- 1969-ലെ കേരള സഹകരണ സംഘം നിയമത്തിലും ചട്ടത്തിലും വരുത്തിയിട്ടുള്ള ഭേദഗതികൾ തുടർനടപടികൾ സംബന്ധിച്ച്.

സൂചന:-
1) ഈ ഓഫീസിലെ 5-7-2010-ലെയും 26-11-2010-ലെയും ഇതേ നംപർ കത്തുകൾ.
2) സഹകരണ സംഘം രജിസ്ട്രാറുടെ 27-12-2010-ലെ ഇതേ നംപർ ഉത്തരവ്.
3) സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ 6-9-2010-ലെ ഇ(2)458/2010 SCEC നംപർ കത്ത്.

...............

1969-ലെ കേരള സഹകരണ സംഘം നിയമത്തിലും ചട്ടത്തിലും വരുത്തിയിട്ടുള്ള ഭേദഗതികളുടെ പകർപ്പ് എല്ലാ വകുപ്പ് ഉദ്യോഗസ്ഥർക്കും സൂചന 1 പ്രകാരം അയച്ചു തരികയും ടി ഭേദഗതി വ്യവസ്ഥകൾ പാലിക്കുന്നതോടൊപ്പം വകുപ്പ് ഉദ്യോഗസ്ഥരുടെയും, സഹകരണ സംഘങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരുവാനും ആവശ്യമായ പഠന ക്ളാസ്സുകൾ ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാറുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുവാനും സൂചന 2 പ്രകാരം ഉത്തരവു പുറപ്പെടുവിക്കുകയും, മേൽ ഭേദഗതികളുടെ അടിസ്ഥാനത്തിൽ സംഘം ബൈലായിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാനും നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ സഹകരണ സംഘം ഭരണസമിതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് ലഭിക്കുന്ന അപേക്ഷയിൽ വകുപ്പ് 28, 28A, 28AB, 28AA, 28B, എന്നീ വകുപ്പുകളിലെ ഭേദഗതികൾ പാലിക്കുന്നില്ലായെന്നും, അതുപോലെ, വാർഡുകളുടെ പുനർവിഭജനം നടത്തേണ്ടത് സംഘം പൊതുയോഗം ആണെന്നും, ഭരണസമിതി അല്ലായെന്നുമുള്ള കോടതിവിധി നിലനിൽക്കെ തന്നെ സംഘം നിയമാവലിയിൽ വാർഡിന്റെ പേര് പരാമർശിക്കാതിരിക്കുമ്പോഴും ചില സംഘങ്ങളുടെ ഭരണസമിതി തന്നെ വാർഡ് നിശ്ചയിച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് സൂചന 3 പ്രകാരം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. ഈ നടപടി വ്യവഹാരത്തിനു കാരണമാകുമെന്നതിനാൽ എല്ലാ ജോയിന്റ് രജിസ്ട്രാർമാരും അതാതു ജില്ലയിലെ നിയന്ത്രണത്തിലുള്ള സംഘങ്ങളുടെ നിയമാവലിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അപേക്ഷ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനു നൽകുമ്പോൾ 1969-ലെ കേരള സഹകരണ സംഘം നിയമത്തിനും ചട്ടത്തിനും കോടതിവിധികൾക്കും അനുസൃതമായിട്ടാണ് എന്ന് എല്ലാ ജോയിന്റ് രജിസ്ട്രാർമാരും ഉറപ്പുവരുത്തേണ്ടതാണ്.

(ഒപ്പ്)
കെ.എസ്. സുരേഷ്ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

പകർപ്പ്;-

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാർക്കും
4. എഡിറ്റർ/ സഹകരണ വീഥി/സഹകരണ ജേർണൽ
5. വെബ്സൈറ്റ്

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്) I/C